പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്തചോദ്യം<br>നം.3101 | 10. 05.2017 ൽ മറുപടി<br>നല്കേണ്ടത്. |
|---|---|

**ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ പരിശോധന**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.എൽദോസ് കുന്നപ്പിള്ളി**<br>**,, ഐ.സി.ബാലകൃഷ്ണൻ**<br>**,, സണ്ണി ജോസഫ്**<br>**,, റോജി എം. ജോൺ** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്തെ ഭക്ഷ്യസുരക്ഷാ സംവിധാനം നിർജ്ജീവമാണെന്നും പല ഹോട്ടലുകളിലും ശുചിയില്ലാത്തതും പഴകിയതും മായം കലർന്നതുമായ ഭക്ഷണപദാർത്ഥങ്ങളാണ് ലഭിക്കുന്നതെന്നുമുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ഇല്ല. |
| ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വ്യപകമായ പരിശോധനകളോ ശക്തമായ തുടർനടപടികളോ ഉണ്ടാകാത്തതിന്റെ കാരണം വെളിപ്പെടുത്തുമോ; | ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഭക്ഷ്യസുരക്ഷാ വകുപ്പ് വ്യാപകമായി തന്നെ പരിശോധനകളും ശക്തമായ തുടർ നടപടികളും സ്വീകരിച്ചു വരുന്നുണ്ട്. ഫുഡ്സേഫ്റ്റി വകുപ്പിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് ഈ സർക്കാർ അധികാരത്തിൽവന്നശേഷം പി.എസ്.സി വഴി 90 ഫുഡ്സേഫ്റ്റി ഓഫീസർമാർക്ക് നിയമനം നൽകി. അവർക്ക് നിയമപ്രകാരമുള്ള പരിശീലനം പൂർത്തീകരിച്ചിട്ടുമുണ്ട്. |
| സി) | ഈ വർഷം ജനുവരി ഒന്നിനുശേഷം എത്ര ഹോട്ടലുകളിൽ ഭക്ഷ്യസുരക്ഷാ വിഭാഗം പരിശോധന നടത്തിയെന്നും എത്രപേർക്കെതിരെ നടപടി സ്വീകരിച്ചുവെന്നും വെളിപ്പെടുത്തുമോ; | സി) | ഈ വർഷം ജനുവരി ഒന്നിനുശേഷം കേരളത്തിലെ വിവിധ ജില്ലകളിലായി ആകെ 1561 ഹോട്ടലുകളിൽ ഭക്ഷ്യസുരക്ഷാ വകുപ്പ് പരിശോധനകൾ നടത്തുകയും ന്യൂനതകൾ കണ്ടെത്തിയ ഏകദേശം 50 സ്ഥാപനങ്ങൾക്കെതിരെ ഭക്ഷ്യസുരക്ഷാ നിയമപ്രകാരം പിഴ ചുമത്തുകയും 341 സ്ഥാപനങ്ങൾക്ക് ന്യൂനതകൾ പരിഹരിക്കുന്നതിനായി നോട്ടീസ് നൽകുകയും ഗുണനിലവാരം തീരെ പാലിക്കാത്ത 78 സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുകയും ചെയ്തു |
| ഡി) | ഭക്ഷ്യവിഷബാധമൂലം ആളുകൾ ആശുപത്രിയിൽ പ്രവേശിക്കപ്പെടുന്ന സംഭവങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ പരിശോധന ഊർജ്ജിതമാക്കുവാൻ നിർദ്ദേശം നൽകുമോ; | ഡി) | ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ പരിശോധനകൾ ഊർജ്ജിതമായി നടത്തിവരികയാണ്. |

സെക്ഷൻ ഓഫീസർ